# വിശുദ്ധ കുറിയാക്കോസ്
# ഏലിയാസ് ചാവറപിതാവിന്റെ
# നൊവേന



(For Private Circulation Only)

# നൊവേന

## വിശുദ്ധ കുറിയാക്കോസ് ഏലിയാസ് ചാവറ

## പ്രാരംഭഗീതം

(അദ്ധ്വാനിക്കുന്നവർക്കും ഭാരം വഹിക്കുന്നവർക്കും എന്ന രീതി)

കർമ്മല ചൈതന്യത്തിൻ
നിർമ്മല ദർപ്പണമേ
കുര്യാക്കോസ് പുണ്യതാതാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ

ജീവിതവീഥികളിൽ
പാപമകറ്റീടുവാൻ
ആത്മാവിനാനന്ദവും
രക്ഷയും നേടീടുവാൻ

(കർമ്മല...)

രോഗവും പീഡകളും
ശാന്തമായ് സ്വീകരിക്കാൻ
ആശ്രയമെന്നുമെന്നും
ദൈവത്തിലർപ്പിക്കുവാൻ

(കർമ്മല...)

## പ്രാരംഭപ്രാർത്ഥന

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ഭാരതസഭയുടെ അഭിമാനവും കേരളജനതയുടെ സംരക്ഷകനുമായ ചാവറയച്ചനെ/ ഞങ്ങൾക്കു മാതൃകയും മദ്ധ്യസ്ഥനുമായി നല്കിയതിന് നന്ദിപറയുന്നു. 'മാമ്മോദീസായിൽലഭിച്ച ദൈവേഷ്ടപ്രസാദത്തെ നഷ്ടപ്പെടുത്തുവാൻ ദൈവകൃപയാൽ എനിക്ക് ഇടയായിട്ടില്ല' എന്നുച്ചരിച്ച് മരണമടഞ്ഞ ചാവറയച്ചനെപ്പോലെ/മാമ്മോദീസായിലൂടെ ലഭിച്ച വിശുദ്ധിയിലേക്കുള്ള വിളിക്ക്/ അനുദിനം പ്രത്യുത്തരം നല്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സർവ്വജനത്തിനും അക്ഷരാഭ്യാസം പകർന്നുനൽകിയും/സാധുജനങ്ങൾക്ക് പാർപ്പിടവും ഭക്ഷണവും വസ്ത്രവും നല്കിയും/ അവഗണിക്കപ്പെട്ട ജനതകൾക്ക് സുവിശേഷമേകിയും/സർവ്വോപരി തനിക്ക് ഏല്പിക്കപ്പെട്ട സന്യാസസമൂഹങ്ങളെയും സഭമുഴുവനെയും/ആത്മീയശിക്ഷണത്തിലും ഐക്യത്തിലും വളർത്തിയ ഈ പുണ്യപിതാവിന്റെ മാദ്ധ്യസ്ഥ്യതയാൽ/ഞങ്ങൾക്ക് ആത്മീ

യവും ഭൗതികവുമായ എല്ലാ കൃപാദാനങ്ങളും നല്കണമേ. ആത്മീയവരങ്ങളുടെ ദാതാവും കരുണാസമ്പന്നനുമായ സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

പ്രാർത്ഥന (ദിവസത്തിന്റേത്), ലഘുസന്ദേശം

## കാറോസൂസാ

**കാർമ്മി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ നിന്ന് കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് അപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** മിശിഹായുടെ സ്നേഹത്തിന്റെ കൂദാശയായ വിവാഹത്തിലൂടെ ബന്ധിതരായ ഭാര്യാഭർത്താക്കന്മാർ / വിശ്വസ്തതയിലും സ്നേഹത്തിലും പരസ്പരം വിശുദ്ധീകരിക്കാനും/ദൈവം നല്കുന്ന മക്കളെ വിശുദ്ധിയിലും സുകൃതത്തിലും വളർത്താനും/അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** യുവതീയുവാക്കന്മാർ അവരുടെ ജീവിതാന്തസ്സു കണ്ടെത്തി ലക്ഷ്യബോധ ത്തോടെ അദ്ധ്വാനിക്കാനും / കുഞ്ഞുങ്ങൾ സന്മാർഗ്ഗത്തിലുറച്ചുനിന്ന് ദൈവകൃപയിലും വിശുദ്ധിയിലും വളർന്നുവരാനും / വയോധി കർ സംതൃപ്തിയിലും പ്രത്യാശയിലും വ്യാപ രിക്കാനും വേണ്ട കൃപാവരം നല്കണമെന്ന് ഞങ്ങൾപ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** പാതിരാത്രിയിൽ ഉണർന്നു മുട്ടുകു ത്തിപ്രാർത്ഥിച്ചിരുന്ന തന്റെ അമ്മയിൽനിന്നും /പ്രാർത്ഥനയുടെ ബാലപാഠങ്ങളഭ്യസിച്ച് ദീർ ഘനേരം പ്രാർത്ഥനയിൽ ചെലവഴിച്ച ചാവറ യച്ചനെപ്പോലെ/മാതാപിതാക്കന്മാരിൽനി ന്നും സന്മാതൃകയുടെ പാഠമുൾക്കൊണ്ട് വള രാൻ ഞങ്ങളുടെ കുഞ്ഞുങ്ങളെ അനുഗ്രഹി ക്കണമെന്ന് പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** നല്ല അപ്പന്റെ ചാവരുളിലൂടെ കുടും ബങ്ങൾക്ക് നവീകരണത്തിന്റെ പാതകാട്ടി ത്തന്ന ചാവറപിതാവിന്റെ ഉപദേശങ്ങൾ ഉൾ ക്കൊള്ളാനും/ദുശ്ശീലങ്ങൾ ഉപേക്ഷിച്ച്/ദൈവ ഭയത്തിലും ശിക്ഷണബോധത്തിലും / സന്മാ തൃകയിലും നീതിബോധത്തിലും / ഞങ്ങളു ടെ കുടുംബങ്ങൾ വളർന്നുവരാനും/ അനുഗ്ര ഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** കാറും കോളും നിറഞ്ഞ കേരള സഭ യിൽ/സമാധാനത്തിന്റെയും ഐക്യത്തിന്റെ യും ദൂതനായി അയയ്ക്കപ്പെട്ട ചാവറ പിതാ വിന്റെ പ്രാർത്ഥനകളാൽ/ എല്ലാ വിഭാഗീയ ചിന്താഗതികളുംഉപേക്ഷിച്ച് / സഭയിലുംസമൂ ഹത്തിലും/ സമാധാനവും ഐക്യവും പരസ് പര ധാരണയും പുലരാൻ അനുഗ്രഹിക്കണ മെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** ഞങ്ങളോടു തെറ്റുചെയ്യുന്നവരോട് ഹൃദയപൂർവ്വം ക്ഷമിക്കുവാനും ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കാനും/പകയും വിദ്വേഷവും ഉപേക്ഷിച്ച് സ്നേഹത്തിൽ സദാ വർത്തിക്കാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** തൊഴിലില്ലായ്മയിൽ വലയുന്നവർക്ക് മാന്യമായ തൊഴിൽ ലഭിക്കാനും/കൃഷിഭൂമിയിലും തൊഴിലിടങ്ങളിലും വ്യാപരിക്കുന്നവർ ഉത്തരവാദിത്വപൂർവ്വം വേലയെടുക്കുവാനും/ പരിസ്ഥിതിയെയും പ്രകൃതിവിഭവങ്ങളെയും സംരക്ഷിക്കുവാനും വേണ്ട അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** ജീവിതത്തിന്റെ തകർച്ചയിലും പരാജയത്തിലും കഴിയുന്നവർക്ക് പ്രത്യാശ പക

രുവാനും/ വേദനിക്കുന്നവരുടെ ആവശ്യങ്ങ ളിലേക്ക് ആശ്വാസവുമായി ഇറങ്ങിച്ചെല്ലുവാ നുംഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** കുടുംബങ്ങളിൽ സമാധാനം പുല രാനും/മനുഷ്യജീവനെ വിലമതിക്കാനും സം രക്ഷിക്കാനും/ ജീവന്റെ സുവിശേഷത്താൽ ഞങ്ങളുടെ കുടുംബങ്ങളെയും സമൂഹത്തെ യും പ്രകാശിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർ ത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** *മൗനമായി/ നമ്മുടെ വ്യക്തിപര മായ നിയോഗങ്ങൾ വിശുദ്ധ ചാവറയച്ചന്റെ പ്രാർത്ഥനാസഹായത്തിനായി നമുക്ക് സമർ പ്പിക്കാം. (നിശ്ശബ്ദം)*

## ഏറ്റുചൊല്ലുവാനുള്ള പ്രാർത്ഥന

**കാർമ്മി:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഇഹലോക ജീവിതത്തിൽ/നിന്റെ തിരുവിഷ്ടം നിറവേറ്റി/ഭൂമിയിൽ നിന്നെ മഹത്ത്വപ്പെടുത്തിയ / വിശുദ്ധരുടെയും രക്തസാക്ഷികളുടെയും പ്രാർത്ഥനകൾ/നിന്റെ സന്നിധിയിൽ / ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. പ്രത്യേകമായി/ നിന്റെ സഭയിൽ വിശേഷസ്ഥാനം അലങ്കരിക്കുന്ന / വി. ചാവറയച്ചന്റെ പ്രാർത്ഥനയാൽ/ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളുകയും/ഞങ്ങളുടെ ഹൃദയാഭിലാഷങ്ങൾ / സാധിച്ചുതരുകയും ചെയ്യണമേ. രോഗങ്ങളിൽ സൗഖ്യവും / പീഡകളിൽ ആശ്വാസവും / പരീക്ഷകളിൽ വിജയവും നല്കി / ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ പൈതൃക പരിപാലനത്തിന്റെ കരങ്ങൾ നീട്ടി/ ഞങ്ങളുടെ ഹൃദയങ്ങളിൽ/സൗഖ്യവും മോചനവും/ സമാധാനവും പ്രത്യാശയും നിറയ്ക്കണമേ. സകല കൃപാവരങ്ങളുടെയും നിക്ഷേപാലയവും/സകല സൗഭാഗ്യങ്ങളുടെയും ഉറ

വിടവുമായ/പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂ:** ആമ്മേൻ.

## സമാപനാശീർവ്വാദം

**കാർമ്മി:** ചോദിക്കുന്നതിനുമുമ്പേ നമ്മുടെ ആവശ്യങ്ങൾ അറിയുന്ന/ സ്വർഗ്ഗീയപിതാവിന്റെ സ്നേഹപരിപാലനയുടെ കരങ്ങൾ/ നിങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ. ദൈവപരിപാലനയിൽ ആശ്രയം വയ്ക്കാനും/ ജീവിതത്തിലുണ്ടാകുന്ന സങ്കടങ്ങളെയും കുറവുകളെയും/ ദൈവതിരുവിഷ്ടത്തിനു വിധേയരായി / കർത്താവിന്റെ ബലിയോടുചേർത്ത് സമർപ്പിക്കാനും/ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. പ്രത്യേകമായി വിശുദ്ധ ചാവറയച്ചന്റെ പ്രാർത്ഥനാസഹായത്താൽ/ നിങ്ങളുടെ ആശകൾ സഫലമാകുകയും/ പ്രതീക്ഷകൾ പൂവണിയുകയും ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ

## സമാപനഗാനം

കേരളസഭയിലെ മല്പാനാം
ചാവറയച്ചാ പുണ്യാത്മാ
നിന്നുടെ 'ചാവരുൾ' ഈ മക്കൾ
കൈക്കൊണ്ടുത്തമരാകട്ടെ
മാമ്മോദീസാ വേളയതിൽ
ആർജ്ജിച്ചോരാ നൈർമ്മല്യം
ജീവിതകാലം മുഴുവൻ നീ
കാത്തു സഭയുടെ നറുമലരേ
ജനനദിനത്തിലുമുത്തമമാം
ചരമദിനം നാമോർക്കേണം
എന്നുരചെയ്തവനാം താതാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
അക്ഷരമറിയാതജ്ഞതയിൽ
കഴിയുന്നവരെ സാക്ഷരരായ്
തീർത്തവനാം നീ ആചാര്യാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

## നൊവേന ദിവസത്തിന്റേത്

### ഒന്നാംദിവസം

## ഹൃദയശുദ്ധി

'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും' (മത്തായി 5:8) എന്നരുൾചെയ്ത ഈശോയെ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. മാമ്മോദീസായിൽ ലഭിച്ച ദൈവവരപ്രസാദം ഒട്ടും നഷ്ടപ്പെടുത്താതെ ജീവിച്ച വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചനെ ഞങ്ങൾക്ക് മാതൃകയായി നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഈ പുണ്യപിതാവിനെപ്പോലെ ഹൃദയശുദ്ധിയെ സ്നേഹിച്ച് നിർമ്മലരായി ജീവിക്കുവാനും/ അതിന് ഹാനികരമായ സകല ചിന്തകളെയും പ്രവൃത്തികളെയും വെറുത്തുപേക്ഷിക്കുവാനും/പരിശുദ്ധാരൂപിക്ക് ഏറ്റവും പ്രീതികരമായ ആലയമായി തീരുവാനും/ ആവശ്യമായ കൃപാവരം നൽകണമെന്ന് തിരുഹൃദയനാഥനായ ഈശോയേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

**സമൂ: ആമ്മേൻ**

## രണ്ടാംദിവസം

# പ്രാർത്ഥനാരൂപി

'നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ' (മത്തായി 6:9) എന്നുപദേശിച്ചു കൊണ്ട് ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. അങ്ങയെ എന്റെ നല്ല അപ്പാ എന്ന് വിളിച്ചു കൊണ്ട് ദീർഘ നേരം പ്രാർത്ഥനയിൽ ചെലവഴിക്കുകയും, ദൈവസ്നേഹാഗ്നിയാൽ സദാ ജ്വലിക്കുകയും ചെയ്ത വിശുദ്ധ കുറിയാക്കോസ് ഏലിയാസച്ചനെ/ ഞങ്ങൾക്ക് മാതൃകയായി നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഈ പുണ്യപിതാവിനെപോലെ പ്രാർത്ഥനയിൽ ആനന്ദം നുകരുവാനും/ ദൈവസ്നേഹത്തിൽ വളരുവാനും/ വിശുദ്ധിയോടെ ജീവിതം നയിക്കുവാനും ആവശ്യമായ അനുഗ്രഹം നൽകണമെന്ന് സ്നേഹനിധിയായ ഈശോയേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

സമൂ: ആമ്മേൻ

## മൂന്നാംദിവസം

# വിശുദ്ധ കുർബാന

'ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു' (യോഹ 6:51) എന്നരുൾ ചെയ്ത ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. വിശുദ്ധ കുർബാനയുടെ സന്നിധിയിൽ മാലാഖയെപ്പോലെ വ്യാപരിക്കുകയും പ്രാർത്ഥനയിൽ ലയിക്കുകയും ചെയ്ത വിശുദ്ധ കുറിയാക്കോസ് ഏലിയാസച്ചനെ/ ഞങ്ങൾക്ക് മദ്ധ്യസ്ഥനായി നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. വിശുദ്ധ ചാവറപിതാവിന്റെ മക്കളായ ഞങ്ങളും/ വിശുദ്ധ കുർബാനയിലുള്ള ഈശോയുടെ സജീവ സാന്നിദ്ധ്യത്തെപ്പറ്റി പൂർണ്ണവിശ്വാസമുള്ളവരായി വർത്തിക്കുവാനും/ ഭക്തിയോടും ഒരുക്കത്തോടും കൂടി വിശുദ്ധ കുർബാന സ്വീകരിക്കുവാനും/ ഈ ദിവ്യവിരുന്നിന്റെ മാധുര്യത്താൽ സദാ ഈശോയുമായുള്ള ആത്മീയ ഐക്യം പാലിച്ച് പുണ്യവഴിയിൽ സ്ഥിരതയോടെ നടക്കുവാനും ആവശ്യമായ കൃപാവരം നൽകണമെന്ന് ദിവ്യകാരുണ്യനാഥാ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

സമൂ: ആമ്മേൻ

## നാലാംദിവസം

## തിരുക്കുടുംബഭക്തി

'ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും നസ്രത്തിലെ തിരുക്കുടുംബത്തിൽ വളർന്ന' ഈശോയേ (ലൂക്കാ 2:52), ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. തിരുക്കുടുംബത്തിന്റെ കുറിയാക്കോസ് ഏലിയാസ് എന്ന നാമം സ്വീകരിച്ച വിശുദ്ധ ചാവറയച്ചനെ ഞങ്ങൾക്ക് മാതൃകയും മദ്ധ്യസ്ഥനുമായി നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഈ പുണ്യപിതാവിനെ അനുകരിച്ച്/ ശൈശവം മുതൽ തിരുക്കുടുംബഭക്തിയിൽ വളർന്ന് നിർമ്മലജീവിതം നയിക്കുവാനും/ അവസാനം ഈശോ മറിയം യൗസേപ്പിന്റെ കരങ്ങളിൽ ഞങ്ങളുടെ ആത്മാക്കളെ സമർപ്പിച്ചുകൊണ്ട്/ ഭാഗ്യമരണം പ്രാപിക്കുവാനും വേണ്ട അനുഗ്രഹം നൽകണമെന്ന് ജീവദാതാവായ ഈശോയേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

സമൂ: ആമ്മേൻ

### അഞ്ചാംദിവസം

## ശത്രുസ്നേഹം

'ശത്രുക്കളെ സ്നേഹിക്കുവിൻ നിങ്ങളെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' (മത്തായി 5:44) എന്നരുൾചെയ്ത ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. സുവിശേഷപ്രബോധനം അനുസരിച്ച്, തന്നോട് തെറ്റ് ചെയ്തവരോട് ക്ഷമിക്കുകയും അവരെ സ്നേഹിക്കുകയും/കാരുണ്യപൂർവ്വം സഹായിക്കുകയും ചെയ്ത വിശുദ്ധ ചാവറകുറിയാക്കോസ് ഏലിയാസച്ചനെ ഞങ്ങൾക്ക് മാതൃകയും മദ്ധ്യസ്ഥനുമായി നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു/ പരസ്നേഹചൈതന്യത്താൽ പ്രശോഭിതരായി, സ്വർഗ്ഗസ്ഥനായ പിതാവിന്റെ വത്സലമക്കളായിത്തീരുന്നതിനുള്ള കൃപാവരം നൽകണമെന്ന് സ്നേഹനിധിയായ ഈശോയേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

സമൂ: ആമ്മേൻ

## ആറാംദിവസം

# തിരുസഭാസ്നേഹം

'ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും' (യോഹ 8:12) എന്നരുൾചെയ്ത ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഈശോയുടെ മൗതികശരീരമായ തിരുസഭയോടുള്ള അഗാധ സ്നേഹത്താൽ പ്രശോഭിക്കുകയും/വിശ്വസ്തതയോടെ സഭാശുശ്രൂഷ നിർവഹിക്കുകയും ചെയ്ത വിശുദ്ധ ചാവറകുറിയാക്കോസ് ഏലിയാസച്ചനെ ഞങ്ങൾക്ക് മാതൃകയും മദ്ധ്യസ്ഥനുമായി നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു / കൃപാവരത്തിന്റെ നീർച്ചാലുകളായ വിശുദ്ധ കൂദാശകൾ ഏറ്റവും യോഗ്യതയോടെ സ്വീകരിക്കുന്നതിനും/ തിരുസഭയുടെ പ്രബോധനങ്ങൾ സ്നേഹപൂർവ്വം അനുസരിച്ച് / സഭയുടെ വിശ്വസ്ത മക്കളായി ജീവിക്കുന്നതിനും ആവശ്യമായ അനുഗ്രഹം നൽകണമെന്ന്/ തിരുസഭയുടെ ശിരസ്സായ ഈശോയേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

**സമൂ: ആമ്മേൻ**

## ഏഴാം ദിവസം

# ആത്മരക്ഷാ ശുഷ്കാന്തി

'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവ് നശിച്ചാൽ എന്തുഫലം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായ് എന്തു കൊടുക്കും?' (മത്താ 16:26) എന്നീ തിരുവചനങ്ങളാൽ ആത്മരക്ഷയുടെ പ്രാധാന്യം ഞങ്ങളെ പഠിപ്പിച്ച ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ആത്മീയ നവീകരണ പ്രവർത്തനങ്ങളിലൂടെ ആത്മരക്ഷയ്ക്കായി പ്രയത്നിച്ച വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചനെ ഞങ്ങൾക്ക് മാതൃകയും മദ്ധ്യസ്ഥനുമായി നൽകിയതിന് അങ്ങയോട് ഞങ്ങൾ നന്ദി പറയുന്നു. തിരുവചനസാരാംശം മനസ്സിലാക്കി ഈ ഭൂമിയിൽ വിശുദ്ധിയോടെ ജീവിക്കുകയും/ തന്റെ അഴകുള്ള ആത്മാവിനെ നാഥന്റെ തൃക്കൈകളിൽ കയ്യാളിക്കുകയും ചെയ്ത വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചനെപ്പോലെ/ആത്മരക്ഷാ അവബോധത്തിൽ ജീവിക്കുന്നതിനുള്ള കൃപ നൽകണമെന്ന് കരുണാമയനായ ഈശോയേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

സമൂ: ആമ്മേൻ

## എട്ടാംദിവസം

# അനുസരണം

'ഞാൻ സ്വർഗ്ഗത്തിൻ നിന്നിറങ്ങിവന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ്' (യോഹ 6:38) എന്നരുൾചെയ്ത ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഉത്തമസന്യാസിയായി ജീവിച്ച്/ അനുസരണത്തിന്റെ മഹനിയ മാതൃക നൽകിയ വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചനെ/ഞങ്ങൾക്ക് മാതൃകയും മദ്ധ്യസ്ഥനുമായി നൽകിയതിന്, അങ്ങേക്ക് ഞങ്ങൾ നന്ദിപറയുന്നു. സ്വാർത്ഥതയും അഹങ്കാരചിന്തയുംവെടിഞ്ഞ് ദൈവികപദ്ധതിക്കനുസരണം ജീവിക്കുവാൻ ഞങ്ങളെ ഒരുക്കേണമെ. ദൈവപ്രമാണങ്ങളും തിരുസഭയുടെ കല്പനകളും രാഷ്ട്രത്തിന്റെ നിയമങ്ങളും അനുസരിച്ചുകൊണ്ട്/ഉത്തമവിശ്വാസികളും നല്ല പൗരൻമാരുമായിത്തീരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് നന്മ സ്വരൂപനായ ഈശോയേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

**സമൂ: ആമ്മേൻ**

## ഒൻപതാംദിവസം

## പ്രേഷിതചൈതന്യം

'നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ' (മർക്കോസ് 16:15) എന്ന് ആഹ്വാനം ചെയ്ത ഈശോയെ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഏലിയാ പ്രവാചകനെപ്പോലെ/ ദൈവികതീക്ഷ്ണതയോടെ ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ച വിശുദ്ധ ചാവറകുറിയാക്കോസ് ഏലിയാസച്ചനെ/ഞങ്ങൾക്ക് മാതൃകയും മദ്ധ്യസ്ഥനുമായി നൽകിയതിന് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. യേശുനാഥന്റെ സുവിശേഷ പ്രഘോഷണദൗത്യം വിശ്വസ്തതാപൂർവ്വം ഏറ്റെടുത്ത്/വചനപ്രഘോഷണം, ഇടവകധ്യാനം, വിദ്യാദാനം, ഉപവിപ്രവർത്തനങ്ങൾ എന്നിവയിലൂടെ/ഈശോയുടെ പ്രേഷിതദൗത്യം ഈ ഭൂമിയിൽ നിർവഹിച്ച ചാവറപിതാവിന്റെ പ്രേഷിതചൈതന്യം ഉൾക്കൊണ്ട് ഉത്തമപ്രേഷിതരാകുവാനുള്ള കൃപാവരം നൽകണമെന്ന് പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും.

**സമൂ: ആമ്മേൻ**

# വിശുദ്ധ കുറിയാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ ലഘു ജീവചരിത്രം

വിശുദ്ധ കുറിയാക്കോസ് ഏലിയാസ് ചാവറ 1805 ഫെബ്രുവരി 10-ാം തീയതി ആലപ്പുഴയിൽ കൈനകരി എന്ന ഗ്രാമത്തിൽ ചാവറ കുടുംബത്തിൽ ജനിച്ചു. 1815-ൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ചേർത്തലയിൽ പള്ളിപ്പുറം സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ചുണ്ടായിരുന്ന സെമിനാരിയിൽ പാലയ്ക്കൽ തോമ്മാമല്പാന്റെ കീഴിൽ വൈദികനാകുവാൻ പഠിച്ചു. 1827-ൽ സബ് ഡയക്കനേറ്റും, 1828-ൽ ഡീക്കൻപട്ടവും സ്വീകരിച്ചു. 1829 നവംബർ 29-ാംതീയതി അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദേവാലയത്തിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു. ശിശുപ്രായത്തിൽ ചാവറയച്ചന്റെ അമ്മ ഈശോ എന്ന നാമം ചൊല്ലിക്കൊടുത്ത് വളർത്തിയതിനാൽ ഈശോയ്ക്കുവേണ്ടി അർപ്പണ മനോഭാവത്തോടെ വൈദികനായ

ശേഷം 1831-ൽ പാലയ്ക്കൽ തോമ്മാമല്പാനോടും പോരൂക്കര തോമ്മാമല്പാനോടും കണിയാന്തറ യാക്കോബ് സഹോദരനോടും കൂടി കുറിയാക്കോസ് ഏലിയാസച്ചൻ മാന്നാനം കുന്നിൽ ഒരു ആത്മീയഭവനത്തിന് അടിസ്ഥാനമിട്ടു. ഈ ഭവനത്തിന് ബേസ്റൗമാ (ഉയരത്തിലെ വീട്) എന്നായിരുന്നു പേര് നൽകിയിരുന്നത്. അത് വളർന്ന് അമലോത്ഭവദാസസംഘം എന്ന പേരിൽ ഒരു വൈദിക സമൂഹം മാന്നാനം കുന്നിൽ രൂപപ്പെട്ടു. ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാസസഭയായ സി.എം.ഐ അങ്ങനെ ആരംഭിച്ചു. 1841-ൽ പാലയ്ക്കൽ തോമാമല്പാനും 1846-ൽ പോരൂക്കര തോമ്മാമല്പാനും മരണമടഞ്ഞതോടെ സഭയുടെ ഉത്തരവാദിത്യം മുഴുവനും മരണം വരെയും കുറിയാക്കോസ് ഏലിയാസ് പിതാവിൽ നിക്ഷിപ്തമായി. സഭയെ പിടിച്ചുലച്ച റോക്കോസ് ശീശ്മയിൽ നിന്ന് സഭയെ സംരക്ഷിക്കുന്നതിനായി കുറിയാക്കോസ് ഏലിയാസ് പിതാവിനെ മെത്രാപ്പോലീത്താ വികാരി ജനറാളായി നിയമിച്ചു. 1831 മുതൽ മാന്നാനത്ത് പ്രവർത്തിച്ച കുറിയാക്കോസ് ഏലിയാസ് പിതാ

വ് വിദ്യാഭ്യാസ പുരോഗതിക്കായി മാന്നാനത്ത് സംസ്കൃതസ്കൂൾ ആരംഭിക്കുകയും മരപ്രസ്സ് സ്ഥാപിക്കുകയും ചെയ്തു. ആരാധനക്രമം പരിഷ്ക്കരിക്കുകയും പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും ജനങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കായി ധ്യാനങ്ങളും ക്രമീകരിക്കുകയും ചെയ്ത ചാവറ പിതാവ് ജീവിതത്തിന്റെ അവസാന ഏഴു വർഷക്കാലം കൂനമ്മാവിലായിരുന്നു ചെലവഴിച്ചത്. 1866 –ൽ ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാസിനിസഭയായ സി.എം.സിക്ക് രൂപം നൽകി. 1871–ൽ കൂനമ്മാവിൽ ഭാഗ്യമരണം പ്രാപിച്ച കുറിയാക്കോസ് ഏലിയാസ് പിതാവിനെ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിൽ സംസ്ക്കരിച്ചു. പിന്നീട് 1889 മെയ്മാസം 24–ാം തീയതി ചാവറപ്പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്നും സി.എം. ഐ. സഭയുടെ മാതൃഭവനമായ മാന്നാനം ആശ്രമദേവാലയത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ജീവിതകാലത്തു തന്നെ വിശുദ്ധിയുടെ നിറകുടമായിരുന്ന ചാവറപിതാവ് മരണശേഷം അനേകർക്ക് ആശ്രയകേന്ദ്രമായി. തന്റെ മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നവർക്ക് അനുഗ്രഹ

ങ്ങൾ നൽകിയ ചാവറപിതാവിന്റെ കീർത്തി നാട്ടിലെങ്ങും പരന്നു. വിശുദ്ധ അൽഫോൻസാമ്മ രോഗിണിയായിരുന്നപ്പോൾ ചാവറപ്പിതാവിന്റെ മദ്ധ്യസ്ഥം യാചിക്കുകയും അതിന്റെ ഫലമായി രോഗശാന്തി ലഭിക്കുകയും ചെയ്തതായി വിശുദ്ധ അൽഫോൻസാമ്മ തന്നെ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചാവറപ്പിതാവിന്റെ നാമകരണ നടപടികൾ 1956-ൽ ആരംഭിച്ചു. 1986-ൽ കോട്ടയത്തുവച്ച് പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ചാവറപ്പിതാവിനെ വാഴ്ത്തപ്പെട്ടവനെന്ന പദവിയിലേയ്ക്കുയർത്തി. 2014 നവംബർ 23-ന് റോമിൽവച്ച് കുറിയാക്കോസ് ഏലിയാസ് ചാവറപ്പിതാവിനെ വിശുദ്ധനെന്ന് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പ നാമകരണം ചെയ്തു. മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദേവാലയത്തിൽ അൾത്താരയുടെ മുന്നിൽ കുറിയാക്കോസ് ഏലിയാസ് ചാവറപ്പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്നു.

●